ശ്രീ. ടി. വി. തോമസ്: ഈ പറയുന്ന കാര്യങ്ങളൊക്കെ വളരെ ഗൗരവമായി ചിന്തിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. പി. കുര്യൻ: കാർഷിക സർവ്വകലാശാല സ്ഥാപിക്കുമ്പോൾ അതിൽ പ്രധാനമായിട്ട് ഗവേഷണമാണ് ഉദ്ദേശിക്കുന്നതെങ്കിലും നമ്മുടെ സംസ്ഥാനത്തെ മറ്റൊരു ടെക്നോളജിയെക്കൂടി പരിഗണിച്ച് എറണാകുളത്തിനടുത്തെവിടെയെങ്കിലും സ്ഥാപിക്കുമെന്നും അതിനെ സംബന്ധിച്ച് ശുപാർശകൾ നൽകുമെന്നും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇതിനുമുൻപ് സഭയിൽചെയ്ത പ്രസ്താവനയും ഇന്നത്തെ മറുപടിയുമായി വല്ല ബന്ധവുമുണ്ടോ?

ശ്രീ. ടി. വി. തോമസ്: ഇതൊക്കെ ആലോചിച്ചതിനുശേഷം മാത്രമേ തീരുമാനിക്കൂ.

ശ്രീ. എൻ. കെ. ശേഷൻ: കാർഷിക സർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ച് ഏതു ലെവലിലാണ് പരിഗണിച്ചുകൊണ്ടിരിക്കുന്നത്?

ശ്രീ. ടി. വി. തോമസ്: ഗവണ്മെന്റ് ലെവലിലാണ് പരിഗണിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. കരുണാകരൻ: ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എപ്പോഴാണു കിട്ടിയതു്, അതിന്മേൽ എപ്പോഴാണ് തീരുമാനമെടുക്കുന്നതു്?

ശ്രീ. ടി. വി. തോമസ്: അതു് വ്യക്തമായി ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

ശ്രീ. കെ. കരുണാകരൻ: എപ്പോഴാണ് ഗവണ്മെന്റു തീരുമാനമെടുക്കാൻ സാദ്ധ്യത?

ശ്രീ. ടി. വി. തോമസ്: രണ്ടുമൂന്നു മാസത്തിനുള്ളിൽ വ്യക്തമായ തീരുമാനമെടുക്കും.

ശ്രീ. കെ. എം. ജോർജ്ജ്: കാർഷിക സർവ്വകലാശാല തൃശ്ശൂരിൽ സ്ഥാപിക്കാനാണ് ഉദ്യോഗസ്ഥൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്നു പറഞ്ഞു. തൃശ്ശൂരിന്റെ ഏതു ഭാഗത്താണ് എന്നു പറയാൻ കഴിയുമോ?

ശ്രീ. ടി. വി. തോമസ്: ഇതിൽ അതൃസ്സ വിശദമായി പറഞ്ഞിട്ടില്ല.

ശ്രീ. പി. പി. കൃഷ്ണൻ: കേരളത്തിലെ കൃഷിപ്രാധാന്യമുള്ള സ്ഥലമായ പാലക്കാട് ജില്ലയിൽ കാർഷിക സർവ്വകലാശാല സ്ഥാപിക്കണമെന്നു ശുപാർശ ചെയ്യാൻ ഗവണ്മെന്റു് മുതിരുമോ?

ശ്രീ. ടി. വി. തോമസ്: തൃശ്ശൂരിൽ വേണമെന്നാണ് സ്പെഷ്യൽ ആഫീസർ റിപ്പോർട്ട ചെയ്തിരിക്കുന്നതു്.

ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: കാർഷിക സർവ്വകലാശാല സ്ഥാപിക്കുന്നതിനു് ആവശ്യമായ ധനം കേന്ദ്രഗവണ്മെൻറിൽ നിന്നാണോ ലഭിക്കുന്നതു്, അതോ സംസ്ഥാന ഗവണ്മെന്റു് വല്ലതും ചെലവാക്കണമോ?

ശ്രീ. ടി. വി. തോമസ്: കേന്ദ്രത്തിൽനിന്നും കൂടുതൽ കിട്ടണമെന്നു പറഞ്ഞിട്ടുണ്ടു്.

ശ്രീ. എൻ കെ. ശേഷൻ: ഈ സർവ്വകലാശാല തൃശ്ശൂരിൽ സ്ഥാപിക്കുന്നതിനു വേണ്ടി നിർദ്ദേശിച്ചിട്ടുള്ള ആ സ്ഥലത്തുതന്നെ വേണമെന്നു കാണിച്ചുകൊണ്ടു് തൃശ്ശൂരിലെ നഗരസഭകളും മറ്റു പൊതുപ്രാധാന്യമുള്ള സംഘടനകളുമൊക്കെ നിവേദനം നടത്തിയിട്ടുണ്ടോ, അതു ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly